**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1763** **05-07-2022 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സുപ്രീം കോടതി വിധി പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഇതുവരെ എത്ര തുകയാണ് നലകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സുപ്രീംകോടതി വിധി പ്രകാരം നാളിതുവരെ, എൻഡോസൾഫാൻ ദുരിതബാധിതരായ 1758 പേർക്ക് 68,35,50,000/- രൂപ ( അറുപത്തിയെട്ട് കോടി മുപ്പത്തഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകിയിട്ടുണ്ട്. കോവിഡ് ധനസഹായ മാതൃകയിൽ ഓൺലൈൻ പോർട്ടൽ മുഖേനയാണ് ഈ ധനസഹായം നൽകി വരുന്നത്. |
| (ബി) | ഈ ആവശ്യത്തിന് കേന്ദ്രസർക്കാറിൽ നിന്നോ എൻഡോസൾഫാൻ നിർമ്മാണ കമ്പനിയിൽ നിന്നോ സർക്കാരിന് തുക ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കേന്ദ്രസർക്കാരിൽ നിന്നോ എൻഡോസൾഫാൻ നിർമ്മാണ കമ്പനിയിൽ നിന്നോ സർക്കാരിന് യാതൊരു തുകയും ഈ ആവശ്യത്തിന് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ